DESPATCHED 05/06/2020

7/3/2020


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 2251*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15768**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.അലി അക്ബർ ടി.,
തടത്തിൽ വീട്,
ഇയ്യാമട, നിലമ്പൂർ,
മലപ്പുറം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തദ്ദേശ സ്വയംഭരണ (ആർ.ബി.)വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
പ്രൈവറ്റ് സെക്രട്ടറി,
തദ്ദേശസ്വയം ഭരണ വകുപ്പു മന്ത്രിയുടെ കാര്യാലയം,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.07.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 23.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.09.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.09.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 01.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.12.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.അലി അക്ബർ ടി., 28.09.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 01.10.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കു

കയും ആയത് **AP.No.2251(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് കൃത്യ സമയത്ത് വിവരങ്ങൾ നൽകാത്തതുകാരണം സമർപ്പിച്ച ഒന്നാം അപ്പീലിനും വിവരം നൽകാതെ തെറ്റിദ്ധരിപ്പിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്തുവെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 18.07.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, നിലമ്പൂർ നഗരസഭയുടെ ആസ്തി രജിസ്റ്ററിലുള്ള നിലമ്പൂർ വില്ലേജിലെ ബ്ലോക്ക് 93 റീസർവ്വെ 169/2ൽപ്പെട്ട കല്ല്യാണി ഗ്രൗണ്ടിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ WPC 9050/2019 നമ്പരായി കേസ് നിലനിൽക്കുന്ന വിഷയത്തിൽ ബന്ധപ്പെട്ട മന്ത്രി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച് കൃത്യമായ വിവരവും എടുത്ത തീരുമാനത്തിന്റെ പകർപ്പുകളും നൽകണമെന്നു തുടങ്ങി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 09.08.2019ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 20.09.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 09.08.2019ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെന്നും പ്രസ്തുത മറുപടിയിൽ അപാകതയുള്ളതായി കാണുന്നില്ലെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 03.12.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ ഹർജിക്കാരൻ 18.07.2019ന് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമല്ലെങ്കിൽ ആയത് നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് 5 ദിവസത്തിനകം കൈമാറണമെന്നിരിക്കെ ആയത് 27.07.2019നാണ് കൈമാറിയതായി കാണുന്നത്. കൂടാതെ 09.08.2019ന് തയ്യാറാക്കിയ മറുപടി 03.09.2019നാണ് ഡെസ്പാച്ച് ചെയ്തിട്ടുള്ളത്. ആകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെ

തിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 07–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM